**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4142** **18-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള ഏജൻസിയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിശദവിവരങ്ങൾ, തസ്തിക, എന്നുമുതൽ സേവനമനുഷ്ഠിക്കുന്നു, ഓരോരുത്തരുടെയും നിയമന രീതി എന്നിവ സഹിതം വ്യക്തമാക്കുമോ; | (എ) | 1. അഡിഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്) – മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്നു.<br>2. ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ബി.കോം ബിരുദമുള്ള ഒരു ഉദ്യോഗസ്ഥൻ കമ്പനിയുടെ മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്) തസ്തികയിൽ 15.06.2022 തീയതി മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു.<br>3. ധനകാര്യ വകുപ്പിലെ ഒരു അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ അസിസ്റ്റന്റ് തസ്തികയിൽ 26.10.2021 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു.<br>4. ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഒരാൾ കരാർ വ്യവസ്ഥയിൽ 26.11.2019 മുതൽ സേവനമനുഷ്ഠിക്കുന്നു. |
| (ബി) | പ്രസ്തുത ഏജൻസിയിലേക്ക് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചതിന്റെയും ഇന്റർവ്യൂ നടത്തിയതിന്റെയും വിശദാംശം നൽകാമോ? | (ബി) | 02.11.2018 –ൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിന് പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകരിൽ 02.08.2019 –ൽ പ്രാഥമിക എഴുത്ത് പരീക്ഷയിലും പ്രായോഗിക പരീക്ഷയിലും 25 ശതമാനത്തിലധികം മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് 18.10.2019 തീയതിയിൽ CMD –യിൽ അഭിമുഖം നടത്തുകയും അതിൽ നിന്നും തിരഞ്ഞെടുത്തയാളെ 06.11.2019 –ലെ അഞ്ചാം ഡയറക്ടർ ബോർഡ് യോഗത്തിലെ തീരുമാനപ്രകാരം ടെക്നിക്കൽ അസിസ്റ്റന്റായി കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ